CIVIL SERVICES (MAIN) EXAM-2022

**CRNA-F-MLY**

# മലയാളം / MALAYALAM

## പേപ്പർ I / Paper I

## (സാഹിത്യം) / (LITERATURE)

സമയം : **മൂന്നു** മണിക്കൂർ
*Time Allowed : **Three** Hours*

പരമാവധി മാർക്ക് : **250**
*Maximum Marks : **250***

---

### ചോദ്യപേപ്പർ പ്രത്യേകനിർദ്ദേശങ്ങൾ

**ചോദ്യങ്ങൾക്കു് ഉത്തരമെഴുതുന്നതിനുമുൻപായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക:**

ആകെ **എട്ടു**ചോദ്യങ്ങളാണുള്ളത്. ഇവയെ **രണ്ടുഭാഗങ്ങളായി** തിരിച്ചിരിക്കുന്നു.

പരീക്ഷാർത്ഥികൾ ഇരുവിഭാഗങ്ങളിൽനിന്നുമായി **അഞ്ചു**ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതാണ് .

**ഒന്നാമത്തെയും അഞ്ചാമത്തെയും** ചോദ്യങ്ങൾക്ക് നിർബ്ബന്ധമായും ഉത്തരമെഴുതേണ്ടതാണ്.

ശേഷിക്കുന്ന ഏതെങ്കിലും **മൂന്നു**ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതിൽ ഇരുവിഭാഗത്തിൽനിന്നും കുറഞ്ഞത് **ഒരു**ചോദ്യത്തിനുള്ള ഉത്തരമെങ്കിലുമുണ്ടായിരിക്കണം.

ഓരോചോദ്യത്തിനും/വിഭാഗത്തിനും ഉള്ള മാർക്കുകൾ അതതിന്റെ നേർക്കു് രേഖപ്പെടുത്തിയിട്ടുണ്ട്.

ഉത്തരങ്ങൾ **മലയാളത്തിൽ (മലയാളംലിപിയിൽ)** തന്നെ എഴുതണം.

ചോദ്യങ്ങൾക്ക് ഉത്തരമെഴുതുമ്പോൾ വാക്കുകളുടെ എണ്ണത്തിന്റെ പരിധി നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അതു പാലിക്കേണ്ടതാണ്.

ചോദ്യങ്ങൾക്കുള്ള ഉത്തരം അനുക്രമമായിട്ടെഴുതിയാൽ മാത്രമേ പരിഗണിക്കുകയുള്ളൂ. ഉത്തരം അപൂർണ്ണമാണെങ്കിൽപ്പോലും വെട്ടിയിട്ടില്ലെങ്കിൽ അതിനെ ഉത്തരമായിട്ടു കണക്കാക്കുന്നതാണ്. ചോദ്യവും ഉത്തരവുമടങ്ങുന്ന ബുക്ക്ലെറ്റിൽ എഴുതാത്ത ഭാഗങ്ങളും പുറങ്ങളും വെട്ടിക്കളയാൻ ശ്രദ്ധിക്കേണ്ടതാണ്.

### Question Paper Specific Instructions

***Please read each of the following instructions carefully before attempting questions :***

*There are **EIGHT** questions divided in **TWO SECTIONS**.*

*Candidate has to attempt **FIVE** questions in all.*

*Question nos. **1** and **5** are compulsory and out of the remaining, any **THREE** are to be attempted choosing at least **ONE** question from each section.*

*The number of marks carried by a question / part is indicated against it.*

*Answers must be written in **MALAYALAM (Malayalam script)**.*

*Word limit in questions, wherever specified, should be adhered to.*

*Attempts of questions shall be counted in sequential order. Unless struck off, attempt of a question shall be counted even if attempted partly. Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.*

---

## SECTION A

**Q1. ഓരോ ചോദ്യത്തിനും 150 വാക്കുകളിൽ കവിയാതെ ഉത്തരമെഴുതുക.** *10×5=50*

(a) " 'അനുനാസികാതിപ്രസരം' മലയാളഭാഷയിൽ സംഭവിച്ച ചരിത്രപരമായ ആഭ്യന്തര പരിണാമമാണു് " എന്ന നിരീക്ഷണത്തെ വിമർശാത്മകമായി വിലയിരുത്തുക. *10*

(b) മലയാളഭാഷയുടെ രൂപീകരണത്തെ സംബന്ധിച്ച 'പൂർവ്വതമിഴ് മലയാളവാദം' എന്തെന്നു് വിശദമാക്കുക. *10*

(c) ലീലാതിലകത്തിലെ മണിപ്രവാള ചർച്ചയിൽ നിന്നും ലഭ്യമാകുന്ന മലയാളഭാഷയെ സംബന്ധിച്ച നിരീക്ഷണങ്ങൾ എന്തെല്ലാം ? *10*

(d) മാപ്പിളപ്പാട്ടുകളുടെ ഭാഷാപരമായ സവിശേഷതകൾ വിവരിക്കുക. *10*

(e) നവമാദ്ധ്യമങ്ങൾ സമകാലമലയാളത്തിൽ ചെലുത്തുന്ന സ്വാധീനത്തിന്റെ സ്വഭാവം നിർണ്ണയിക്കുക. *10*

**Q2.** (a) "താലവ്യാദേശത്തിനു് മലയാളഭാഷയുടെ ഉത്പത്തിചിന്തയിൽ ഭാഗികപ്രസക്തിയേ കല്പിയ്ക്കാനാവൂ" എന്ന നിരീക്ഷണത്തിന്റെ ഔചിത്യമെന്ത് ? *20*

(b) രാമചരിതത്തിൽനിന്നു് കൃഷ്ണഗാഥയിലെത്തുമ്പോൾ മലയാളഭാഷയ്ക്കു സംഭവിച്ച വികാസപരിണാമങ്ങൾ എന്തെല്ലാം ? *15*

(c) പാട്ടുകാവ്യങ്ങളുടെ ഭാഷാപരമായ സവിശേഷതകളെ കുറിച്ചുള്ള ലീലാതിലകത്തിലെ ശ്രദ്ധേയങ്ങളായ നിരീക്ഷണങ്ങൾ ചൂണ്ടിക്കാട്ടുക. *15*

**Q3.** (a) പ്രാചീന ചമ്പുക്കളിലെ ഭാഷാപരമായ സവിശേഷതകൾ സോദാഹരണം വിശദമാക്കുക. *20*

(b) വടക്കൻപാട്ടുകളെ മുൻനിർത്തി ഉത്തരകേരളത്തിലെ ഭാഷാസവിശേഷതകൾ വിവരിക്കുക. *15*

(c) ഭാഷാകൗടലീയത്തിൽനിന്നു് ആദ്യകാലമലയാളത്തെ കുറിച്ച് ലഭ്യമാകുന്ന വിവരങ്ങൾ എന്തെല്ലാം ? *15*

**Q4.** (a) തുള്ളൽകാവ്യങ്ങളിലെ നാട്ടുമൊഴികളെ ആസ്പദമാക്കി ഒരു ഉപന്യാസം തയ്യാറാക്കുക. *20*

(b) ബഞ്ചമിൻ ബയ്‌ലി, ഹെർമൻ ഗുണ്ടർട്ട്, ജോർജ് മാത്തൻ, ഫ്രോൺമെയർ എന്നിവർ മലയാളഭാഷയ്ക്കു നൽകിയ സംഭാവനകളെക്കുറിച്ച് വിശദമാക്കുക. *15*

(c) ഭരണഭാഷ എന്ന നിലയിൽ മലയാളം നേരിടുന്ന വെല്ലുവിളികൾ എന്തൊക്കെ ? *15*

## SECTION B

**Q5. ഓരോ ചോദ്യത്തിനും 150 വാക്കുകളിൽ കവിയാതെ ഉത്തരമെഴുതുക.** *10×5=50*

(a) അഭിനയസാഹിത്യം എന്ന നിലയിൽ ആട്ടക്കഥാസാഹിത്യത്തിന്റെ സവിശേഷതകൾ വ്യക്തമാക്കുക. *10*

(b) മഹാകാവ്യലക്ഷണം ഉദ്ധരിച്ചു് മഹാകാവ്യപ്രസ്ഥാനത്തെ പരിചയപ്പെടുത്തുക. *10*

(c) 'മുക്തകം' എന്നാൽ എന്തു് ? ഒരു മുക്തകം ഉദ്ധരിച്ചു് സവിശേഷതകൾ വിവരിക്കുക. *10*

(d) മലയാളത്തിലെ 'പ്രഹസന'ശാഖയ്ക്കു് സി.വി. രാമൻപിള്ള നൽകിയ സംഭാവന വിലയിരുത്തുക. *10*

(e) ആദ്യകാല മലയാള ചെറുകഥയുടെ പ്രമേയപരവും പ്രതിപാദനപരവുമായ സവിശേഷതകൾ വിശകലനം ചെയ്യുക. *10*

**Q6.** (a) മലയാള സാഹിത്യചരിത്രത്തിൽ കിളിപ്പാട്ടുപ്രസ്ഥാനത്തിന്റെ സംഭാവനയെത്രത്തോളമെന്നു് വിശദമാക്കുക. *20*

(b) സന്ദേശകാവ്യങ്ങളുടെ ചരിത്രപരവും ദേശപരവുമായ പ്രാധാന്യത്തെക്കുറിച്ച് ഉപവാദിക്കുക. *15*

(c) നാടോടിഗാനസാഹിത്യത്തിൽ തോററംപാട്ടുകളുടെ പ്രാധാന്യം എത്രത്തോളമുണ്ടെന്നു് സ്പഷ്ടമാക്കുക. *15*

**Q7.** (a) ദേശീയപ്രസ്ഥാനവും നവോത്ഥാനദർശനങ്ങളും കുമാരനാശാൻ, വള്ളത്തോൾ, ഉള്ളൂർ എന്നീ കവികളുടെ രചനകളെ എത്രത്തോളം സ്വധീനിച്ചിട്ടുണ്ടു് ? ചർച്ച ചെയ്യുക. *20*

(b) മലയാള കവിതയിൽ ആധുനികതാവാദത്തിന്റെ സവിശേഷതകൾ പ്രകടമായത് എങ്ങനെയൊക്കെ ? വ്യക്തമാക്കുക. *15*

(c) 'പച്ചമലയാളപ്രസ്ഥാനം' മലയാളകാവ്യചരിത്രത്തിൽ വരുത്തിയ പരിണാമത്തെക്കുറിച്ചു് ലഘുവിവരണം തയ്യാറാക്കുക. *15*

**Q8.** (a) തകഴി, കേശവദേവ്, പൊൻകുന്നം വർക്കി എന്നിവരുടെ രചനകളെ മുൻനിർത്തി മലയാളത്തിലെ രാഷ്ട്രീയ നോവലുകളുടെ പ്രത്യേകതകൾ വിവരിക്കുക. *20*

(b) സി.എൻ. ശ്രീകണ്ഠൻ നായരുടെ 'രാമായണനാടകത്രയം' മലയാള നാടകസാഹിത്യത്തിലും നാടകവേദിയിലും കൊണ്ടുവന്ന പുതുമയെന്ത് ? *15*

(c) മലയാളത്തിലെ ആധുനിക സാഹിത്യനിരൂപണം സൈദ്ധാന്തികമാകുന്നുണ്ടോ ? ദളിത്, സ്ത്രീ, പരിസ്ഥിതി സിദ്ധാന്തങ്ങളുടെ സ്വാധീനം അതിൽ എത്രത്തോളമുണ്ടെന്നു് വിശദമാക്കുക. *15*